I/107757/2024

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

No. NREGA/449/2024-B1 തിയതി : 19-02-2024

പ്രേക്ഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

സർ/മാഡം,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - വേനൽക്കാലത്തെ വർദ്ധിച്ച ചൂട് കാരണം - സൂര്യാഘാതം - തൊഴിൽ സമയം - പുനഃക്രമീകരിക്കുന്നത് – സംബന്ധിച്ച്:

സൂചന: 1. 19.02.2024 ലെ പത്രവാർത്ത
2. കേരള ദുരന്ത നിവാരണ അതോറിട്ടിയുടെ 19/2/2024 ലെ മുന്നറിയിപ്പ്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വേനൽക്കാലത്തെ വർദ്ധിച്ച ചൂട് കാരണം സൂര്യാഘാതം ഉണ്ടാകാനുള്ള സാധ്യത പരിഗണിച്ച് മുൻ വർഷങ്ങളിൽ ഫെബ്രുവരി മുതൽ ഏപ്രിൽ മാസം വരെയുള്ള കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി സമയം പുനഃക്രമീകരിച്ചിരുന്നു. സൂചനകൾ പ്രകാരം ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും പകൽ 11 മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും കാലാവസ്ഥവകുപ്പും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി സ്ഥലങ്ങളിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടത് ആവശ്യമാണ്.

ഈ സാഹചര്യത്തിൽ 2024 ഫെബ്രുവരി 20 മുതൽ ഏപ്രിൽ 30 വരെയുള കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പകൽ സമയം ഉച്ചയ്ക്ക് 11 മണി മുതൽ ഉച്ചതിരിഞ്ഞ് 3 മണി വരെ വിശ്രമം ആവശ്യമായി വരുന്നപക്ഷം പണിയെടുക്കുന്നതിൽ നിന്നും തൊഴിലാളികളെ ഒഴിവാക്കേണ്ടതും നിശ്ചിത പ്രവൃത്തിയുടെ അളവിലും (out turn) പ്രവൃത്തി ചെയ്യേണ്ട ആകെ സമയത്തിലും മാറ്റം വരുത്താതെ രാവിലെ 7 മണി മുതൽ വൈകുന്നരം 7 മണി വരെയുള്ള സമയത്തിനുള്ളിൽ ആകെ പ്രവൃത്തി സമയം 8 മണിക്കൂറായി നിജപ്പെടുത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിൽ സമയം പുനഃക്രമീകരിക്കേണ്ടതും ആണ്. ഇതിനനുസൃതമായി നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ നിർദേശിക്കുന്നു.. കൂടാതെ പ്രവൃത്തിയിടങ്ങളിൽ തൊഴിലാളികൾക്ക് വിശ്രമിക്കുന്നതിനുള്ള ഷെഡ്, കുടിവെള്ളം, First Aid എന്നിവ നിർബന്ധമായും ഉറപ്പുവരുത്തേണ്ടതുമാണ്. സമുദ്ര നിരപ്പിൽ നിന്നും 3000 അടി ഉയരത്തിൽ ഉള്ളതും, സൂര്യാഘാതത്തിനു സാധ്യത ഇല്ലാത്തതും ആയ സ്ഥലങ്ങളിൽ തൊഴിൽ സമയം പുന:ക്രമീകരിക്കേണ്ടതില്ല.

വിശ്വസ്തതയോടെ

Signed by
Nizamudeen A I A S
Date: 19-02-2024 21:10:13

I/107757/2024

MISSION DIRECTOR